പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 588** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ മണ്ഡലത്തിൽ നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** ആലത്തൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ നീതി സ്റ്റോറുകളും ത്രിവേണി സ്റ്റോറുകളും മൊബൈൽ സ്റ്റോറുകൾ ഉൾപ്പെടെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ആലത്തൂർ നിയോജക മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 2 ത്രിവേണി സ്റ്റോറുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. (ആലത്തൂർ ത്രിവേണി, കുഴൽമന്ദം ത്രിവേണി). സംഘങ്ങളിൽ നിന്നും പുതിയ അപേക്ഷകൾ വരുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** വരുന്ന ഓണക്കാലത്ത് സഹകരണ സ്ഥാപനങ്ങൾ മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ ഓണച്ചന്തകൾ ആരംഭിക്കുന്നതിനും അതുവഴി വിലക്കയറ്റത്തിന്റെ ബുദ്ധിമുട്ടുകളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** സംഘങ്ങളിൽ നിന്നും അപേക്ഷകൾ വരുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(സി)** വിളനാശവും പ്രകൃതി ക്ഷോഭവും മൂലം പ്രതിസന്ധി നേരിടുന്ന കർഷകരുടെ വായ്പകൾക്ക് മോറട്ടോറിയവും പലിശ ഇളവും പ്രഖ്യാപിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** വിളനാശവും പ്രകൃതി ക്ഷോഭവും മൂലം പ്രതിസന്ധി നേരിടുന്ന കർഷകരുടേത് ഉൾപ്പെടെയുള്ള കുടിശ്ശികയായുള്ള വായ്പകളിൽ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും വായ്പ കണക്കുകൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് "**ആശ്വാസ് 2026** " പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**